ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പദ്ധതി പ്രകാരം 1025838 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

143 (1052) അപ്പക്സ് സഹകരണസ്ഥാപനങ്ങളിലെ നിയമനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി എത്രപേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ചില അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിപരീതമായി നിയമനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏതെല്ലാം സ്ഥാപനങ്ങളിൽ ആണെന്നും ഏതെല്ലാം തസ്തികയിൽ ആണെന്നും വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമാക്കാം. അനുബന്ധം (1) കാണുക.†

(ബി&സി)ചില അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിപരീതമായി നിയമനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

144 (1053) എസ്.പി.സി.എസ്.-ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി.എസ്. കോട്ടയം സ്ഥാപനത്തിൽ പണി എടുക്കുന്ന ജീവനക്കാർക്ക് അരപ്പു ഗഡു ക്ഷാമബത്ത നൽകിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) 14 വർഷമായി ശമ്പള പരിഷ്കരണം നടത്തിയിട്ടില്ലാത്ത ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ:

(സി) ക്ഷാമബത്ത ഗഡുക്കൾ സമയബന്ധിതമായി നൽകുവാൻ നിർദ്ദേശം നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് മണ്ണുതരം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമില്ലാതിരുന്നതിനാൽ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ക്ഷാമബത്ത കുടിശ്ശികയായത്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംഘം പ്രവർത്തനക്ഷമമില്ലാതിരുന്ന കാലത്തുള്ള ക്ഷാമബത്തയാണ് കുടിശ്ശികയായിട്ടുള്ളത്. ഈ കുടിശ്ശിക നൽകാനാവുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘം പുതുതായി തുടങ്ങിയ എം.പി. പോൾ സ്മാരക മാഫ് സെറ്റ് പ്രസ്സിലെ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് ശമ്പള സ്കെയിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

(ഇ) ഈ പരാതി പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുവാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

145 (1054) നീതി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു;

(ബി) ഇതിൽ എത്ര ജീവനക്കാരെ ഇതിനകം നിയമിച്ചു;

(സി) സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി നീതി സ്റ്റോറിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ ഇവ പി.എസ്.സി. മുഖേനയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 65 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 166 പേരെ താൽക്കാലികമായി കൺസോളിഡേറ്റഡ് പേ/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) നീതി മെഡിക്കൽ സ്റ്റോറുകളിലേക്കുള്ള നിയമനങ്ങൾ അതാത് സഹകരണസംഘം ഭരണ സമിതികൾ താൽക്കാലികമായി കൺസോളിഡേറ്റഡ് പേ/കരാർ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. ടി

LIBRARY ARCHIVES Kerala Legislative Assembly